കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യക്ഷേമ വകുപ്പ് - സംയോജിത ശിശുവികസന സേവന പദ്ധതി - മിനി അംഗൻവാടികളിലെ വർക്കർ നിയമനം - മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യക്ഷേമ (ബി) വകുപ്പ്

സ.ഉ (എം.എസ്) നം.12/2011/സാക്ഷേവ തീയതി, തിരുവനന്തപുരം, 10.02.2011.

---

പരാമർശം : 1) 17.08.10 - ലെ സ.ഉ. (എം.എസ്) നം. 56/10/സാക്ഷേവ
2) സാമൂഹ്യക്ഷേമ ഡയറക്ടറുടെ 03.12.2010-ലെ ഐ.സി.ഡി.എസ് - ബി1/51404/10 നമ്പർ കത്ത്.

## ഉത്തരവ്

മൂന്നാം ഘട്ട ഐസിഡിഎസ് വികസനത്തിന്റെ ഭാഗമായി സംസ്ഥാനത്ത് 129 മിനി അംഗൻവാടികൾ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മിനി അംഗൻവാടികളിലെ വർക്കർമാരുടെ നിമയനം സംബന്ധിച്ച് മാനദണ്ഡങ്ങൾ നിലവിലില്ലാത്തതിനാൽ ടി ജീവനക്കാരുടെ നിയമനത്തിന് സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്ന് പരാമർശം (2)-ലെ കത്ത് പ്രകാരം സാമൂഹ്യക്ഷേമ ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, സംസ്ഥാനത്തെ മിനി അംഗൻവാടികളിൽ വർക്കർ നിയമനം നടത്തുന്നത് സംബന്ധിച്ച് ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്കർഷിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(1) മിനി അംഗൻവാടിയിലെ വർക്കർ പ്രസ്തുത അംഗൻവാടി സ്ഥിതി ചെയ്യുന്ന പ്രദേശത്തുള്ള ആളുകളിൽ നിന്ന് മാത്രമായിരിക്കണം. ഏതെങ്കിലും ജനവിഭാഗങ്ങളുടെ ഊര്/കോളനി ഉൾപ്പെടുന്ന സ്ഥലത്താണ് മിനി അംഗൻവാടിയെങ്കിൽ പ്രസ്തുത ഊര്/കോളനിയിൽ നിന്നുള്ള വ്യക്തിയായിരിക്കണം അംഗൻവാടി വർക്കർ.

(2) മിനി അംഗൻവാടി സ്ഥിതി ചെയ്യുന്ന സ്ഥലം/ ഊര്/കോളനിയിൽ സ്ഥിരതാമസം ഉള്ളവരും വർക്കറുടെ ജോലി ചെയ്യാൻ സന്നദ്ധതയും കഴിവും കാര്യപ്രാപ്തിയുള്ളവരുമായ ആളുകളുടെ ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതും കൂടികാഴ്ചയ്ക്കുശേഷം ഇതിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ യോഗ്യതയുള്ളവർക്ക് മുൻഗണന നൽകിയുള്ള ഒരു സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അതിൽ നിന്ന് നിയമനം നടത്തേണ്ടതുമാണ്. ഉയർന്ന വിദ്യാഭ്യാസ യോഗ്യതയും താഴ്ന്ന വിദ്യാഭ്യാസ യോഗ്യതയും പ്രത്യേകം നിഷ്കർഷിക്കേണ്ടതില്ല. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്ന വ്യക്തിക്ക് എഴുത്തും വായനയും അറിയാത്തപക്ഷം (പ്രത്യേകിച്ച് ആദിവാസി കോളനികളിൽ) അംഗൻവാടിയുടെ റിക്കോർഡ് തയ്യാറാക്കൽ, കണക്കെഴുത്ത് തുടങ്ങിയ ജോലികൾ ബന്ധപ്പെട്ട സൂപ്പർവൈസർ നേരിട്ട് നിർവ്വഹിക്കേണ്ടതാണ്.

(3) മിനി അംഗൻവാടികളിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗൻവാടി വർക്കർ സാക്ഷരയല്ലെങ്കിൽ ടിയാളെ സാക്ഷരതാ മിഷന്റെ ക്ലാസിലയച്ച് സാക്ഷരയാക്കാൻ ആവശ്യമായ എല്ലാ നടപടികളും ബന്ധപ്പെട്ട ശിശു വികസന പദ്ധതി ആഫീസർ സ്വീകരിക്കേണ്ടതാണ്.

(4) പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഊരുകളിൽ/കോളനികളിൽ സാധാരണഗതിയിൽ പുറമേ നിന്നുള്ളവരെ വർക്കറായി നിയമിക്കേണ്ടതില്ല. എന്നാൽ മിനി അംഗൻവാടിയിൽ വർക്കറായി നിയമിക്കപ്പെടുന്നതിനുള്ള യോഗ്യത ഉള്ളപക്ഷം പൊതു അംഗൻവാടിയിൽ ഒഴിവു വരുന്ന മുറയ്ക്ക് അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റി നിയമിക്കാവുന്നതാണ്.

(5) മിനി അംഗൻവാടികളുടെ പ്രവർത്തനത്തിനായി ചുവടെ ചേർക്കും പ്രകാരം തുക വിനിയോഗിക്കാവുന്നതാണ്.

Recurring Annual Cost

| | | |
|---|---|---|
| 1 | Honorarium of Mini Anganwadi Worker @ Rs.750/- per month | Rs.9,000/- |
| 2 | Rent Rs. 200/- per month | Rs.2,400/- |
| 3 | Medicine Kits @ Rs.300/- per Mini AWC per year | Rs.300/- |
| 4 | Pre-School Kits @ Rs.250/ per Mini AWC per year | Rs.250/- |
| 5 | Contingencies @ Rs.25/- per month | Rs.300/- |
| 6 | Stationery Cost @ Rs.100/- per Mini AWC per year | Rs.100/- |

Non Recurring Cost

| | | |
|---|---|---|
| 1. | Utensils and stove | Rs.2,000/- |
| 2 | 4 Storage bins | Rs.1,000/- |

(6) മിനി അംഗൻവാടി വർക്കർക്ക് പൊതു അംഗൻവാടി വർക്കറുടേതിന് തുല്യമായ നിരക്കിൽ റ്റി.എ./ഡി.എ നൽകണം.

(7) മിനി അംഗൻവാടി വർക്കർക്ക് കേന്ദ്ര സർക്കാർ വിഹിതമായ 750/- രൂപയ്ക്കു പുറമേ സംസ്ഥാന സർക്കാർ അംഗൻവാടി വർക്കർമാർക്ക് അനുവദിച്ചിട്ടുള്ള 550/- രൂപ കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പ് കാലാകാലങ്ങളിൽ നൽകുന്ന അതേ തുകയ്ക്കും അർഹതയുണ്ടായിരിക്കും.

(8) ഐ.സി.ഡി.എസ് പദ്ധതി മുഖേനയുള്ള എല്ലാ സേവനങ്ങളും മിനി അംഗൻവാടികൾ മുഖേന ഉണ്ടായിരിക്കുന്നതാണ്. മിനി അംഗൻവാടികളുടെ പ്രവർത്തന സമയവും രീതിയും സാധാരണ അംഗൻവാടികളുടേതുപോലെയായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

ബി.എസ്. മാവോജി,
സെക്രട്ടറി.

സാമൂഹ്യക്ഷേമ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർക്കും (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
എല്ലാ ശിശുവികസന പദ്ധതി ഓഫീർമാർക്കും (സാമൂഹ്യക്ഷേമ ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി. സെൽ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
തദ്ദേശസ്വയംഭരണ വകുപ്പ്
കരുതൽ ഫയൽ, ഓഫീസ് പകർപ്പ്
പകർപ്പ്: ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യക്ഷേമ സെക്രട്ടറിയുടെ പി.എ.യ്ക്ക്.
സാമൂഹ്യക്ഷേമ അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Endt. on ICDSB1/51404/2010 dt. 24/2/2011

സർക്കാർ ഉത്തരവിന്റെ പകർപ്പ് എല്ലാ ശിശുവികസന പ്രോഗ്രാം ഓഫീസർമാർക്കും, ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാർക്കും തുടർനടപടികൾക്കായി അയക്കുന്നു.

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി